**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1494** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഉറുദു അദ്ധ്യാപകരും ഭാഷാ പഠനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഉറുദു അദ്ധ്യാപകരുടെ ഒരു വർഷ പരിശീലന കോഴ്സായ ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യൂക്കേഷൻ (ഡി.എൽ.ഇ.ഡി). കോഴ്സ് 2 വർഷമായി നീട്ടി പരിഷ്കരിക്കുന്നതിനായി 2017-ൽ നിർത്തിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോഴ്സ് പുനഃസ്ഥാപിക്കാത്തതിനെ തുടർന്ന് ഉറുദു അദ്ധ്യാപക ക്ഷാമം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത കോഴ്സ് നിർത്തലാക്കിയതിനെ തുടർന്ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉറുദു അദ്ധ്യാപകർക്ക് പകരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനു പോലും യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത സാഹചര്യത്തിൽ കോഴ്സ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഉറുദു അദ്ധ്യാപക യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ കുറവ് പരിഹരിക്കുന്നതിനും ഉറുദു ബി.എ. പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഉറുദു ബി.എഡ്. പഠനം സാധ്യമല്ലാത്ത സാഹചര്യവും പരിഗണിച്ച് സർക്കാർ, എയ്ഡഡ് | (സി) | കോഴിക്കോട് സർക്കാർ ടീച്ചർ എഡ്യൂക്കേഷൻ കോളേജിലും തലശ്ശേരി ബ്രണ്ണൻ ടീച്ചർ എഡ്യൂക്കേഷൻ കോളേജിലും ബി.എഡ്. ഉർദു ഓപ്ഷൻ അനുവദിക്കുന്ന വിഷയം പരിഗണനയിലാണ് എന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | മേഖലയിൽ ഉറുദ്ദു ബി.എഡ്. കോഴ്സ് ആരംഭിക്കുന്നതിനും തലശ്ശേരി, കോഴിക്കോട് ഗവൺമെന്റ് ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററുകളിൽ ഉറുദ്ദു ബി.എഡ്. കോഴ്സ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | |
| (ഡി) | എത്ര ഹൈസ്കൂളുകളിൽ ഉറുദ്ദു ഒന്നാം ഭാഷയായി പഠിക്കാനുള്ള സൗകര്യം ഉണ്ട്; കഴിഞ്ഞ വർഷം എത്ര കുട്ടികൾ ഉറുദ്ദു ഒന്നാം ഭാഷയായി എസ്.എസ്.എൽ.സി. പരീഷ എഴുതി തുടർ പഠനത്തിന് യോഗ്യത നേടിയിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ഡി) | (see tables below) |

(ഡി)

| ക്രമ നമ്പർ | ജില്ല | ഉറുദ്ദു ഒന്നാം ഭാഷയായി പഠിക്കാനുള്ള സൗകര്യം നിലവിലുള്ള സ്കൂളുകൾ |
|---|---|---|
| 1 | ആലപ്പുഴ | 2 |
| 2 | പാലക്കാട് | 36 |
| 3 | മലപ്പുറം | 141 |
| 4 | കോഴിക്കോട് | 78 |
| 5 | വയനാട് | 16 |
| 6 | കണ്ണൂർ | 59 |
| 7 | കാസർഗോഡ് | 13 |
| | **ആകെ** | **345** |

| ക്രമ നമ്പർ | ജില്ല | ഉറുദ്ദു ഒന്നാം ഭാഷയായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതി തുടർ പഠനത്തിന് യോഗ്യത നേടിയ കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | ആലപ്പുഴ | 15 |
| 3 | കോട്ടയം | 12 |
| 4 | എറണാകുളം | 36 |
| 5 | തൃശ്ശൂർ | 623 |
| 6 | പാലക്കാട് | 1042 |
| 7 | മലപ്പുറം | 5854 |
| 8 | കോഴിക്കോട് | 1394 |
| 9 | വയനാട് | 268 |
| 10 | കണ്ണൂർ | 1499 |
| 11 | കാസർഗോഡ് | 326 |
| | **ആകെ** | **11071** |

<table>
<tr>
<td>(ഇ)</td>
<td>നിലവിൽ എത്ര സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉറുദു ഭാഷ പഠിക്കാനുള്ള സൗകര്യമുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;</td>
<td>(ഇ)</td>
<td>
<table>
<tr><th>ക്രമ നം.</th><th>ജില്ലകൾ</th><th>സ്കൂളുകളുടെ എണ്ണം</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>1</td></tr>
<tr><td>2</td><td>ആലപ്പുഴ</td><td>2</td></tr>
<tr><td>3</td><td>എറണാകുളം</td><td>2</td></tr>
<tr><td>4</td><td>തൃശ്ശൂർ</td><td>3</td></tr>
<tr><td>5</td><td>പാലക്കാട്</td><td>1</td></tr>
<tr><td>6</td><td>മലപ്പുറം</td><td>52</td></tr>
<tr><td>7</td><td>കോഴിക്കോട്</td><td>18</td></tr>
<tr><td>8</td><td>വയനാട്</td><td>2</td></tr>
<tr><td>9</td><td>കണ്ണൂർ</td><td>17</td></tr>
<tr><td>10</td><td>കാസർഗോഡ്</td><td>7</td></tr>
<tr><td></td><td>ആകെ</td><td>105</td></tr>
</table>
</td>
</tr>
<tr>
<td>(എഫ്)</td>
<td>ഓരോ വർഷവും എസ്.എസ്.എൽ.സി.ക്ക് ഉറുദു ഒന്നാം ഭാഷയായി പഠിച്ച് തുടർ പഠനത്തിന് യോഗ്യത നേടുന്ന കുട്ടികൾക്ക് ഹയർ സെക്കണ്ടറി തലത്തിൽ ഉറുദു പഠിക്കുന്നതിന് അവസരം വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹയർ സെക്കണ്ടറി തലത്തിൽ ഉറുദു ഭാഷ പഠിക്കുന്നതിന് കൂടുതൽ അവസരം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?</td>
<td>(എഫ്)</td>
<td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ